**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **19-06-2024 - ൽ മറുപടിയ്ക്ക്**

**പടിയൂർ ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിനായി സമർപ്പിച്ച രണ്ട് പദ്ധതി റിപ്പോർട്ടുകളിൽ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പഴശി ജലസേചന പദ്ധതി പ്രദേശത്തു നടപ്പാക്കുന്ന പടിയൂർ ഇക്കോടൂറിസം പദ്ധതിയുടെ ആദ്യ ഘട്ട വികസനത്തിന് 27.04.2022ലെ സ. ഉ. (സാധാ.) 114/2022/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച, 5.66 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഒന്നാം ഘട്ട പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ട പദ്ധതി റിപ്പോർട്ടിലെ പ്രവൃത്തികൾ പരിഗണിക്കുന്നതാണ്. |
| (ബി) | പടിയൂർ ഇക്കോടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | പടിയൂർ ഇക്കോടൂറിസം പദ്ധതിയുടെ ആദ്യ ഘട്ട വികസനത്തിനായി 12.06.2024ലെ സ. ഉ. (സാധാ.) 262/2024/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 5,49,83,579/- രൂപയുടെ പുനർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ 73% പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ